**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1455** **03-02-2026 - ൽ മറുപടിയ്ക്ക്**

**പ്രീ പ്രൈമറി വിദ്യാഭ്യാസ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്രൈമറി വിദ്യാലയങ്ങളുടെ നിലനിൽപ്പിനാധാരമായി ഇന്ന് പ്രീ പ്രൈമറി വിദ്യാഭ്യാസം മാറിയിട്ടുണ്ടോ; പ്രീ പ്രൈമറി വിദ്യാഭ്യാസ ശാക്തീകരണത്തിനായി എന്തെല്ലാം നടപടികളാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിലെ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ കളിത്തോണി, കളിപ്പാട്ടം എന്നീ പ്രവർത്തന പുസ്തകങ്ങൾ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും വിതരണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രീപ്രൈമറി വിഭാഗത്തിൽ അദ്ധ്യയനം നടന്നു വരികയും ചെയ്യുന്നു. പ്രസ്തുത പുസ്തകങ്ങളുടെ അടിസ്ഥാനത്തിലുള്ള പരിശീലനം എല്ലാ പ്രീപ്രൈമറി പ്രധാന അദ്ധ്യാപകർക്കും ആയമാർക്കും എല്ലാ വർഷവും ജില്ലാ അടിസ്ഥാനത്തിൽ നടത്തി വരുന്നുണ്ട്. അതോടൊപ്പം ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും സംസ്ഥാനത്തെ പ്രീപ്രൈമറി വിഭാഗം കുട്ടികളുടെ രക്ഷകർത്താക്കൾക്കും ടി വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചു വരുന്നു.<br><br>പ്രീപ്രൈമറി മേഖലയിലെ പാഠ്യപദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി "ശൈശവകാല പരിചരണവും വികാസവും" എന്ന പേരിൽ പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായാണ് ഈ മേഖലയിൽ ഒരു പാഠ്യപദ്ധതി ചട്ടക്കൂടിന് രൂപം നൽകുന്നത്. കുട്ടികൾക്ക് ലഭ്യമാകേണ്ട പരിചരണം പോഷണം സംരക്ഷണം തുടങ്ങിയവയുടെ തുടർച്ചയും വളർച്ചയും ഉറപ്പു വരുത്തുന്നതിന് കുട്ടിയുടെ സമഗ്രവും നിരന്തരവുമായ വികാസത്തിന് അടിത്തറ പാകുന്നതിനും വികാസ മേഖലയുടെ സ്വാഭാവിക വളർച്ചക്കും വേണ്ടി കുട്ടിയെ പ്രാപ്തനാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br><br>സമഗ്ര ശിക്ഷാ കേരളം സ്റ്റാർസ് പദ്ധതി മുഖേന 1108 വിദ്യാലയങ്ങളിൽ "വർണ്ണക്കൂടാരങ്ങൾ" നിർമ്മിച്ചിട്ടുണ്ട്. കൂടാതെ മോഡൽ പ്രീ പ്രൈമറി കേന്ദ്രങ്ങളിൽ ഭാഷാ വികാസ ഇടം, വരയിടം, |

| | | | |
|---|---|---|---|
| | | | കുഞ്ഞരങ്ങ്, അകം പുറം കളിയരങ്ങ് എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. ശിശുവികാസ മേഖലയിലെ ശേഷികൾ ഉറപ്പാക്കാനാകുന്ന പ്രവർത്തനങ്ങൾ ക്ലാസ് റൂമിൽ ഒരുക്കാൻ അനദ്ധ്യാപികമാരെ സഹായിക്കുന്ന താലോലം പ്രവർത്തന മൂലകൾ എല്ലാ അംഗീകാരമുള്ള പ്രീ പ്രൈമറികളിലും സ്ഥാപിച്ചിട്ടുണ്ട്.<br><br>ഓരോ സ്കൂളിലും 1 ലക്ഷം രൂപ ചിലവഴിച്ച് 847 സ്കൂളുകളിൽ ശിശു സൗഹൃദ ഫർണീച്ചർ കളിയുപകരണങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. 15 ലക്ഷം രൂപ വീതം ചിലവഴിച്ച് 42 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരമുള്ള മാതൃകാ പ്രീപ്രൈമറി സ്കൂളാക്കി മാറ്റി. കൂടാതെ അംഗീകാരമുള്ള എല്ലാ പ്രീ പ്രൈമറികളിലും 15,000 രൂപ വീതം നൽകി കുട്ടികൾക്ക് ഭാഷാ ശേഷി ഉറപ്പാക്കുന്ന ഭാഷാ വികാസ ഇടങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് കളികോപ്പുകൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഓരോ ജില്ലയിൽ നിന്നും 8 സ്കൂളുകളെ വീതം സംസ്ഥാനത്ത് തെരഞ്ഞെടുത്ത് ആകെ 112 സ്കൂളുകൾക്ക് 75000 രൂപ നിരക്കിൽ പ്രീ സ്കൂളുകളിൽ സംഗീത ഉപകരണങ്ങൾ വാങ്ങുന്നതിനും ക്ലാസിനു പുറത്തുള്ള കളി സ്ഥലങ്ങൾ ഒരുക്കുന്നതിനുമായി തുക അനുവദിച്ചിട്ടുണ്ട്.<br><br>അതോടൊപ്പം സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും 5 സ്കൂളുകൾ വീതം തിരഞ്ഞെടുത്ത് ആകെ 70 സ്കൂളുകൾക്ക് ആർട്ട് & ക്രാഫ്റ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ഓരോ സ്കൂളിനും 10,000/- രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്.<br><br>സർക്കാർ /എയിഡഡ് പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികളുടെ മാനസികവും ശാരീരികവുമായ ഉന്നതി ലക്ഷ്യം വച്ച് തയ്യാറാക്കിയ പദ്ധതിയാണ് "കളിയങ്കണം" (Kids Athletics)". സമഗ്ര ശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി 9424 പ്രീ-പ്രൈമറി വിദ്യാലയങ്ങളിൽ സ്പോർട്സ് കേരള ഫൗണ്ടേഷനുമായി സഹകരിച്ച് വിവിധ കായിക ഉപകരണങ്ങൾ ഉൾക്കൊള്ളുന്ന സ്പോർട്സ് കിറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഹുല ഹൂപ്പ്സ്, ടെന്നികോയിറ്റ് റിംഗ്, അജിലിറ്റി ഹർഡിൽസ്, ബീൻ ബാഗ്, ഫ്ലാറ്റ് റിംഗ്, സോസർ കോൺ എന്നീ ഉപകരണങ്ങളാണ് നൽകിയത്. പ്രസ്തുത ഉപകരണങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് മൊഡ്യൂൾ തയ്യാറാക്കി അദ്ധ്യാപകർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രൈമറി അധ്യാപകർക്ക് ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്? | (സി) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്കും, ആയമാർക്കും കുറഞ്ഞ വേതനം യഥാക്രമം 5000/- രൂപയും, 3500/- രൂപയും സ്കൂൾ നടത്തുന്ന ഏജൻസികളായ മാനേജർ/ പി.ടി.എ നൽകുവാൻ നിർദ്ദേശം നൽകി ഉത്തരവാകുകയും, അതാത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവരവരുടെ അധികാര പരിധിയിൽ വരുന്ന എയ്ഡഡ് സ്കൂളുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി വിഭാഗം ജീവനക്കാർക്ക് മേൽപ്പറഞ്ഞ പ്രകാരം വേതനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലയിലെ പ്രീ-പ്രൈമറി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ഒരു പൊതു നയം രൂപീകരിക്കുന്നതിനായി ഒരു കരട് പ്രോപ്പോസൽ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ